**A**

# സമഗ്ര ശിക്ഷ, കേരളം

**402**

# അർദ്ധവാർഷിക മൂല്യനിർണയം 2018-19

ക്ലാസ് - 4

## മലയാളം

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര്............................................

വിദ്യാലയത്തിന്റെ പേര്............................................

ഡിവിഷൻ............................................

രക്ഷിതാവിന്റെ ഒപ്പ്............................................

അധ്യാപകന്റെ ഒപ്പ്............................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | സംഭാഷണം എഴുതാം | |
| 3 | തത്സമയ വിവരണം | |
| 4 | ആസ്വാദനക്കുറിപ്പ് | |
| 5 | വിവരണം തയാറാക്കാം | |
| 6 | അരിയുടെ കഥയെഴുതാം | |
| | ഓവറോൾ ഗ്രേഡ് | |

### നിർദേശങ്ങൾ

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.

**പ്രവർത്തനം 1 - ഉത്തരമെഴുതാം.**

കഥാഭാഗം ശ്രദ്ധയോടെ വായിക്കൂ.

> നിറയെ മധുരമായിരുന്നു ആ മുത്തശ്ശിമാവിൽ. സ്കൂൾ മുറ്റത്ത് പടർന്ന് പന്തലിച്ചങ്ങനെ അതു നിന്നു. വിശന്നു കൈനീട്ടിയ ആരോടും അതു മുഖം കറുപ്പിച്ചില്ല. കിളികൾക്കും അണ്ണാനും പ്രാണികൾക്കും ഒക്കെ വീടായിരുന്നു ആ മുത്തശ്ശിമാവ്. അതാണിപ്പോൾ മുറിച്ചു മാറ്റാൻ പോകുന്നത്. ഉണ്ണിക്ക് സങ്കടം തോന്നി. പക്ഷെ എന്തു ചെയ്യും? ഇന്നലെക്കൂടി സാവിത്രി ടീച്ചർ മരങ്ങൾ സംരക്ഷിക്കേണ്ടതിനെക്കുറിച്ചുള്ള വീഡിയോ കാണിച്ചു തന്നിരുന്നു. പിന്നെന്തിനാണ് പുതിയ ക്ലാസ്മുറിയുണ്ടാക്കാൻ മുത്തശ്ശിമാവ് മുറിക്കാനൊരുങ്ങുന്നത്? നോക്കി നോക്കി നിൽക്കെ മുത്തശ്ശിമാവിൽനിന്ന് കുറേ ഇലകൾ ഒരുമിച്ച് പൊഴിഞ്ഞുവീണു. ഉണ്ണി ഓർത്തു. മുത്തശ്ശി മാവ് കരയുകയാണോ?

ഒന്നു മുതൽ അഞ്ചു വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുത്തെഴുതുക

1. ഉണ്ണിക്കുട്ടന് സങ്കടം തോന്നിയതെന്തുകൊണ്ട്?

   എ) ആഹാരം കിട്ടാത്തതുകൊണ്ട്.

   ബി) മുത്തശ്ശിമാവ് മുറിക്കുന്നതുകൊണ്ട്.

   സി) അവൻ ചെറിയകുട്ടിയായതുകൊണ്ട്.

   ഡി) മാവിലെ മാമ്പഴം കിട്ടാത്തതുകൊണ്ട്.

2. 'മുഖം കറുപ്പിക്കുക' എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്.

എ) സന്തോഷിക്കുക.

ബി) ചിരിക്കുക.

സി) മുഖത്ത് കരിവാരിത്തേക്കുക.

ഡി) ദേഷ്യം പിടിക്കുക.

3. 'നിറയെ മധുരമായിരുന്നു ആ മുത്തശ്ശിമാവിന്' - ഈ വരികൾ അർത്ഥമാക്കുന്നതെന്ത് ?

എ) മാവിൽ നിറയെ മാമ്പഴമുണ്ടായിരുന്നു.

ബി) മാവിന്റെ തടിക്ക് നല്ല മധുരമുണ്ടായിരുന്നു.

സി) മാവിൽ ആരോ മധുരം കെട്ടിത്തൂക്കിയിരുന്നു.

ഡി) മാവിന്റെ ഇലയ്ക്ക് നല്ല മധുരമുണ്ടായിരുന്നു.

4. എപ്പോഴാണ് മുത്തശ്ശിമാവ് കരയുന്നതായി ഉണ്ണിക്ക് തോന്നിയത് ?

എ) കാറ്റു വീശിയപ്പോൾ.

ബി) മാവ് മുറിഞ്ഞു വീണപ്പോൾ.

സി) നിറയെ മാങ്ങകളുണ്ടായപ്പോൾ.

ഡി) കുറെ ഇലകൾ ഒരുമിച്ച് പൊഴിഞ്ഞു വീണപ്പോൾ

5. 'കണ്ട് കണ്ട്', 'കേട്ട് കേട്ട്' ഇതു പോലെ കഥയിലുള്ള പ്രയോഗം ഏത് ?

എ) പറഞ്ഞ് പറഞ്ഞ്.

ബി) നന്ദി നന്ദി.

സി) നോക്കി നോക്കി .

ഡി) ചിരിച്ച് ചിരിച്ച്.

**പ്രവർത്തനം 2 - സംഭാഷണം എഴുതാം**

എ) ആനമല സ്കൂളിലെ കുട്ടികൾ ഒരു പച്ചക്കറി തോട്ടം നിർമിക്കാൻ തീരുമാനിച്ചു. കൃഷിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കാനായി സ്കൂൾ ലീഡർ ശ്രീനന്ദയുടെ നേതൃത്വത്തിൽ കുട്ടികൾ സ്കൂളിനടുത്തുള്ള വാസുവേട്ടന്റെ വീട്ടിലെത്തി. കൃഷിയുമായി ബന്ധപ്പെട്ട് എന്തെല്ലാം കാര്യങ്ങളായിരിക്കും അവർ സംസാരിച്ചിട്ടുണ്ടാവുക?

ശ്രീനന്ദ : ..............................................................................

വാസുവേട്ടൻ : ..............................................................................

..............................................................................

: ..............................................................................

..............................................................................

: ..............................................................................

സി) ഒരു കൃഷിച്ചൊല്ല് എഴുതുക.

**പ്രവർത്തനം 3- തൽസമയവിവരണം**

"പുന്നമടക്കായലിലൂടെ വള്ളങ്ങൾചീറിപ്പാഞ്ഞുവരികയാണ്. നെപ്പോളിയൻ, ചമ്പക്കുളം, കാവാലം, നടുഭാഗം, പാർഥസാരഥി, നേതാജി, മാമ്പുഴക്കരി, വലിയ ദിവാൻജി .......................... ആരു മുന്നിൽ? ആരു പിന്നിൽ? എന്ന് പറയാൻ കഴിയുന്നില്ല. ഇപ്പോൾ ഒന്നാമത്തെ ട്രാക്കിലെ നടുഭാഗം ചുണ്ടൻ മറ്റു വള്ളങ്ങളെക്കാൾ മുമ്പിലെത്തിക്കഴിഞ്ഞിരിക്കുന്നു. അതെ....നടുഭാഗം ചുണ്ടൻ വിജയിച്ചിരിക്കുന്നു. കാണികൾ ആരവം മുഴക്കുന്നത് നമുക്ക് കേൾക്കാം .ഇതാ ഇപ്പോൾ പങ്കെടുത്ത ചുണ്ടൻ വള്ളങ്ങളെല്ലാം ഒരു ഘോഷയാത്രയായി അണിനിരക്കുകയാണ് .വിജയിയായ നടുഭാഗത്തിന് വിശിഷ്ടാതിഥിയായ പണ്ഡിറ്റ് നെഹ്റു സമ്മാനം നൽകുന്ന കാഴ്ചയാണ് നമുക്കിപ്പോൾ കാണാൻ കഴിയുന്നത്".

നെഹ്റുട്രോഫി വള്ളംകളിയുടെ തൽസമയ വിവരണമാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇതുപോലെ നിങ്ങളുടെ സ്കൂൾ കായികമേളയിൽ നടന്ന ഓട്ടമത്സരത്തെ കുറിച്ച് ഒരു തത്സമയ വിവരണം തയാറാക്കൂ.

പ്രവർത്തനം 4

## ആസ്വാദനക്കുറിപ്പ്

### കൊച്ചുപൂവ്

ഇത്തിരിപ്പൂവേ ചുവന്നപൂവേ
ഇത്രനാളെങ്ങു നീ പോയി പൂവേ?
മണ്ണിന്നടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ?
വന്നതു നന്നായി തെല്ലുനേരം
വല്ലതും പാടി കളിക്കാം ഒന്നിച്ചും.
ചെമ്മേറുമീയുടുപ്പാരു തന്നു?
ചേച്ചിക്കൊരുമ്മവയ്ക്കാനെ തോന്നൂ.
കാറ്റടിച്ചോമനേ വീണിടൊല്ലേ
കാലത്തെ വെയിലേറ്റു വാടിടൊല്ലേ

ജി. ശങ്കരക്കുറുപ്പ്

| ചെമ്മേറും = ഭംഗിയുള്ള |
|---|

കവിത ഇഷ്ടമായല്ലോ; പൂവിനോട് എന്തൊക്കെയാണ് പറയുന്നത്? ഇഷ്ട വരികൾ ഏതൊക്കെ? ഈ കാര്യങ്ങളൊക്കെ ചേർത്ത് കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

പ്രവർത്തനം 5

**വിവരണം തയാറാക്കാം**

പോസ്റ്റർ ശ്രദ്ധിക്കൂ

താളും തകരേം മുമ്മാസം
ചക്കേം മാങ്ങേം മുമ്മാസം
ചേനേം കൂർക്കേം മുമ്മാസം
അങ്ങനേം ഇങ്ങനേം മുമ്മാസം

നല്ലത് നല്ലത് കുട്ട്യോളേ
ചീരപ്പുളിയുപ്പേരി

**മടങ്ങാം നാട്ടു ഭക്ഷണത്തിലേക്ക്**

കീടനാശിനികളില്ല
ആരോഗ്യദായകം
ചെലവ് കുറവ്

ഒരു ചാലുഴുതില്ല
ഒരു വിത്തും വിതച്ചില്ല
താനെ മുളച്ചൊരു
പൊൻതകര

കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി 'നാട്ടുഭക്ഷണത്തിന്റെ മഹിമ' എന്ന വിഷയത്തിൽ ഒരു വിവരണം തയാറാക്കൂ.....

**പ്രവർത്തനം 6 – അരിയുടെ കഥയെഴുതാം**

നീതു മുറ്റം വൃത്തിയാക്കുന്നതിനിടയിൽ ഒരു ശബ്ദം കേട്ടു. അവൾ തിരിഞ്ഞുനോക്കി. ആരാ? എവിടുന്നാ? നീതു ചോദിച്ചു. ഞാൻ അരിമണി, എന്നെ അറിയുമോ? നീതു സൂക്ഷിച്ചു നോക്കി. അവൾ ചോദിച്ചു പറയൂ, നീ എവിടുന്നു വന്നു? അരിമണി തന്റെ കഥ പറയാൻ തുടങ്ങി. എന്തെല്ലാമായിരിക്കും പറഞ്ഞത്? ഒന്നെഴുതി നോക്കൂ.